**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 449** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>തോട്ടപ്പള്ളി-കരിമണൽ ഖനനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളിയിൽ നിന്നും കരിമണൽ ഖനനം ചെയ്ത് ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡും (ഐ.ആർ.ഇ.എൽ), ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസും സംയുക്തമായി നടത്തുന്ന കരിമണൽ വ്യാപാരത്തിൽ നിന്നും നാളിതുവരെ എത്ര തുക വരുമാനമായി ലഭിച്ചിട്ടുണ്ട്;

**<u>മറുപടി:</u>** അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളിയിൽ നിന്നും കരിമണൽ ഖനനം ചെയ്ത് ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡും (ഐ.ആർ.ഇ.എൽ), ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസും സംയുക്തമായി നടത്തുന്ന കരിമണൽ നീക്കം ചെയ്യുന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് റോയൽറ്റി ഇനത്തിൽ KMML-ൽ നിന്ന് Rs.8,70,12,364/- രൂപയും, IREL-ൽ നിന്ന് Rs.4,71,28,073/- രൂപയും ചേർത്ത് ആകെ Rs. 13,41,40,437/- രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്. മണലിന്റെ വിലയിനത്തിൽ KMML-ന് ഏകദേശം 44.45 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഐ.ആർ.ഇ.എൽ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട വരുമാനത്തിന്റെ കണക്ക് പ്രാദേശികാടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

**(ബി)** പ്രസ്തുത വ്യാപാരത്തിൽ നിന്നും ഐ.ആർ.ഇ.എൽ, ചവറ മിനറൽസ് ആന്റ് മെറ്റൽസ്, സംസ്ഥാന സർക്കാർ എന്നിവർക്ക് ലഭിച്ച തുകയെത്ര;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത വിഷയത്തിൽ അഴിമതി നടക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉന്നതതല അന്വേഷണം നടത്തി സർക്കാരിന് നഷ്ടപ്പെട്ട തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ;

**<u>മറുപടി:</u>** ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിൽ NGT, ലോകായുക്ത, വിജിലൻസ് എന്നീ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്.

**(ഡി)** തോട്ടപ്പള്ളി പ്രദേശം പൂർണ്ണമായും പുറക്കാട് പഞ്ചായത്തിന്റെ പരിധിയിലായതിനാൽ കരിമണൽ വിൽപ്പനയിലൂടെ ലഭിച്ച തുകയുടെ അർഹമായൊരു ഭാഗം പുറക്കാട് പഞ്ചായത്തിന് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

**<u>മറുപടി:</u>** ഇത് സംബന്ധിച്ച നിർദേശങ്ങളൊന്നും ഇപ്പോൾ വ്യവസായ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

**(ഇ)** കരിമണൽ വില്പനയിലൂടെ ലഭിച്ച തുകയിൽ അർഹമായ ഭാഗം തൃക്കുന്നപ്പുഴ, കരുവാറ്റ. ചെറുതന, വീയപുരം, കുട്ടനാട്, തുടങ്ങിയ പ്രദേശങ്ങളുടെ വികസനത്തിനായി വിനിയോഗിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**